ന്റെ നോവൽ. രാവിഷ്ട
രണ് ശൈലിയ് അനുഭവ
ങ്ങളും വായന - ികളു
ക്കി മാറ്റുന്ന ഴുത്തു
കാരനാണ് ോര
ത്തിൽ ഏറ ംകം
എന്നേ അതു ' വേ
ണുഗോപാലൻ ലിന്റെ
ജീവിതകഥകളുടെ ഷ്ഠാനത്തിലൂ
ടെ അത് ഒരിക്കൽക്കൂടി വെളിവാക്ക
പ്പെട്ടിരിക്കുന്നു. വക്കീലന്മാരും ഗുമസ്ത
ന്മാരും സാക്ഷികളും വാദികളും പ്രതി
കളും പോലീസും കോടതിയും ഒന്നും
നമ്മുടെ കഥാപ്രപഞ്ചത്തിന് അപരി
ചിതമല്ല. സമൂഹത്തിന്റെ ഉപരിമണ്ഡ
ലത്തിലെ മദ്യപാനസുരതോത്സവങ്ങ
ളും എത്രയോ സാഹിത്യകാരന്മാർ കൈ
കാര്യം ചെയ്തിരിക്കുന്നു. എന്നിട്ടും അചും
ബിതമായ ഒരു മേഖലയിലേക്കു കടക്കു
ന്ന പ്രതീതി വായനക്കാർക്ക് ഉണ്ടാകത്ത
ക്കവണ്ണം ആസ്വാദ്യമായിട്ടാണ് ഈ
നോവലിന്റെ ഇതിവൃത്തം വികസിക്കു
ന്നതു്.

(പേജ് 192. വില 11.00-ദന്തഗോപുരം)

## ഡോ. ഭാസ്കരൻനായരുടെ ഭാവിയുടെ ഭീഷണി

—പി. കെ. ദയാനന്ദൻ

ഡോ. കെ. ഭാസ്കരൻനായരുടെ 'ഭാവി യുടെ ഭീഷണി' ജനപ്പെരുപ്പത്തിന്റെ ഭീഷണഫലങ്ങളും വിരുത്തിക്കാണിക്കുന്ന ഉപന്യാസങ്ങളാകുന്നു. വിദ്യാസമത്വം, ശിശുവധം, ഭാരം ചുമക്കാൻ ഒരു വർഗം എന്നിങ്ങനെ വൈവിധ്യം തോന്നിക്കുന്ന ഉപന്യാസങ്ങളുടേയും ഉള്ളു കള്ളിയും മറെറാന്നല്ല. 'ജനസംഖ്യാ വിദ്യാഭ്യാസം' മുൻനിർത്തി പ്രവർത്തിക്കുന്ന 'ഫാമിലി പ്ലാനിങ്ങ് അസോസിയേഷൻ ഓഫ് ഇന്ത്യ'യുടെ മുഖപത്രലേഖനങ്ങളെന്നോണമെഴുതിയ ഈ ഉപന്യാസങ്ങൾ സ്ഥിതിവിവരക്കണക്കുകളുടേയും ആവർത്തനത്തിന്റെയും വൈരസ്യമേല്പിക്കാതെ നമ്മെ ബാധിക്കുന്നതു് ഭീതിദമായ സത്യം പറയുന്നതുകൊണ്ടു മാത്രമാണ്. ആ സത്യമാകട്ടെ 'ജഠരാഗ്നിയുടെ ജ്വാലാകലാപത്തിൽ ജഗത്രയത്തെ ഭസ്മമാക്കുന്ന ജനപ്രളയമാണ്.' 'ജനസംഖ്യാ വിദ്യാഭ്യാസ'ത്തിന്റെ ആലിലയിൽ മനുഷ്യൻ പൊങ്ങിക്കിട



Digitized by Kerala Sahitya Akademi

ക്കമെന്ന പ്രത്യാശ മാത്രമേ ഗ്രന്ഥകാരനുള്ളൂ.

മനുഷ്യജീവിതത്തിന്റെ ലക്ഷ്യം ശാസ്ത്രത്തിന്റെ വരുതിയിലല്ല എന്നു സമർത്ഥിക്കുന്ന ഒടുവിലത്തെ ഉപന്യാസം ഭാസ്കരൻനായരുടെ ശാസ്ത്രീയ വീക്ഷണത്തെ ഒരുവേള അശാസ്ത്രീയമാക്കുന്നുണ്ടെങ്കിലും ഈ ഗ്രന്ഥത്തിന്റെ പൊതുവിലുള്ള വീക്ഷണം രാഷ്ട്രത്തേയും രാഷ്ട്രീയത്തേയും എല്ലാം വിസ്മരിച്ചു് മനുഷ്യഭാവിയിൽ ചെന്നുമുട്ടുന്നു എന്നതു് എത്രയും അഭികാമ്യമാണു്!

(പേജു് 152 വില 9.50 മാതൃഭൂമി)

●

## ഗ്രന്ഥസമീക്ഷ

1 അക്ഷയപാത്രം–ഗ്രന്ഥാലോകം. ജൂലൈ, ആഗസ്റ്റ്, എ. വി. ബാഹുലേയൻ, മാതൃഭൂമി വാരാന്ത്യപ്പതിപ്പ്–സെപ്. 27. സുരേഷ് ബാബു.

2 അരവിന്ദ ദർശനം–മനോരമ വാരാന്ത്യപ്പതിപ്പ്. നവം. 25. പ്രൊഫ. വി. കെ. എഴുത്തച്ഛൻ.

3 ആവരണങ്ങൾ–ദന്തഗോപുരം മാസിക. നവം. ആർ. എസ്. വർമ്മജി.

4 ഉപന്യാസമാലിക–മാതൃഭൂമി വാരാന്ത്യപ്പതിപ്പ്. സെപ്. 27. പി. കെ. ദയാനന്ദൻ.

5 എന്റെ ജീവിതയാത്ര–മനോരമ വാരാന്ത്യപ്പതിപ്പ്. ഒക്. 11. കെ. ഉബൈദുള്ള.

6 കസേരകളി–മനോരമ വാരാന്ത്യപ്പ

---


## പുതിയ കറന്റ് പുസ്തകങ്ങൾ

മലയാളസാഹിത്യവിമർശനം
(ഗവേഷണം)
–പ്രൊഫ. സുകുമാർ അഴീക്കോടു് 50.00

വള്ളത്തോൾ–കവിയും വ്യക്തിയും
(പഠനം)
–ചെമ്മനം ചാക്കോ 10.00

സാഹിത്യഗവേഷണം
(ഗവേഷണപ്രബന്ധങ്ങൾ)
–ചാത്തനാത്തു് അച്യുതനുണ്ണി 10 00

വി. സി.യും കാല്പനിക കവിതയും
(പഠനം)
–പ്രൊഫ. കെ. ഗോപാലകൃഷ്ണൻ 15.00


Digitized by Kerala Sahitya Akademi